(ബി) ആകെ 10518 കിടക്കകളാണ് സർക്കാർ മെഡിക്കൽ കോളേജുകളിൽ ഉള്ളത്. ഇവിടെ 100 ശതമാനം കിടക്കകളും രോഗികളുള്ളതാണ്. മറ്റ് സർക്കാർ ആശുപത്രികളിൽ ആകെ 35816 കിടക്കകളാണുള്ളത്. ഈ ആശുപത്രികളിൽ ഒരു മാസം ശരാശരി 267978 രോഗികളെ കിടത്തി ചികിത്സിക്കേണ്ടതായി വരുന്നു.

(സി&ഡി) അനുവദനീയമായ കിടക്കകളുടെ എണ്ണത്തിൽ കൂടുതൽ രോഗികളെ കിടത്തി ചികിത്സിക്കേണ്ടിവരുന്നുണ്ട്. എന്നാൽ രോഗികൾക്ക് അസൗകര്യം വരാത്ത രീതിയിൽ കിടക്കുന്നതിനുള്ള സൗകര്യം നൽകിവരുന്നുണ്ട്.

മഞ്ചേരി മെഡിക്കൽ കോളേജിൽ കാത്ത്‌ലാബ് സംവിധാനം

36 (728) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി മെഡിക്കൽ കോളേജിൽ കാത്ത്‌ലാബ് സംവിധാനം ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ബി) പ്രസ്തുത സംവിധാനം ഒരുക്കുന്നതിന് നിലവിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സൗകര്യം ഈ വർഷംതന്നെ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ &ബി) മഞ്ചേരി മെഡിക്കൽ കോളേജിൽ കാത്ത്‌ലാബ് സംവിധാനം ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

ആലപ്പുഴ മെഡിക്കൽ കോളേജിന്റെ നവീകരണം

37 (729) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ മെഡിക്കൽ കോളേജിന്റെ നവീകരണത്തിനായി പി.എം.എസ്.എസ്.വൈ. പദ്ധതിപ്രകാരം വിശദമായ പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം ആലപ്പുഴ മെഡിക്കൽ കോളേജിന്റെ നവീകരണത്തിനായി കേന്ദ്രസർക്കാർ എത്രയുകയാണ് അനുവദിച്ചിട്ടുള്ളത് ;

(സി) പി.എം.എസ്.എസ്.വൈ. പദ്ധതി പ്രകാരം സംസ്ഥാന വിഹിതം എത്രയാണ് ; അതുപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് ആലപ്പുഴ മെഡിക്കൽ കോളേജിൽ നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആലപ്പുഴ മെഡിക്കൽ കോളേജിന്റെ നവീകരണത്തിനായി പി.എം.എസ്.എസ്.വൈ. പദ്ധതി പ്രകാരം വിശദമായ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. ന്യൂറോളജി, ന്യൂറോ സർജറി, കാർഡിയോളജി, കാർഡിയോ തൊറാസിക് സർജറി, നെഫ്രോളജി, യൂറോളജി, മെഡിക്കൽ ഗ്യാസ്ട്രോ എന്ററോളജി എന്നീ ഏഴ് സൂപ്പർ സ്പെഷ്യാലിറ്റി ഡിപ്പാർട്ടുമെന്റുകൾ നവീകരിക്കാനും പ്ലാസ്റ്റിക് സർജറി, എൻഡോ ക്രൈനോളജി വിഭാഗങ്ങൾ പുതുതായി ആരംഭിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് ആലപ്പുഴ മെഡിക്കൽ കോളേജിൽ നടപ്പിലാക്കുന്നത്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം 120 കോടി രൂപയാണ് കേന്ദ്ര സർക്കാർ അനുവദിക്കുന്നത്.

(സി) പി.എം.എസ്.എസ്.വൈ. പദ്ധതി പ്രകാരമുള്ള സംസ്ഥാന വിഹിതം 30 കോടി രൂപയാണ്. ന്യൂറോളജി, ന്യൂറോ സർജറി, കാർഡിയോളജി, കാർഡിയോ തൊറാസിക് സർജറി, നെഫ്രോളജി, യൂറോളജി, മെഡിക്കൽ ഗ്യാസ്ട്രോഎന്ററോളജി എന്നീ ഏഴ് സൂപ്പർ സ്പെഷ്യാലിറ്റി ഡിപ്പാർട്ടുമെന്റുകൾ നവീകരിക്കാനും പ്ലാസ്റ്റിക് സർജറി, എൻഡോക്രൈനോളജി വിഭാഗങ്ങൾ പുതുതായി ആരംഭിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് ആലപ്പുഴ മെഡിക്കൽ കോളേജിൽ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ഉപയോഗിച്ച് നടപ്പിലാക്കുന്നത്.

കൊരട്ടി ഗാന്ധിഗ്രാം തൃക്ക് രോഗാശുപത്രിക്ക് പുതിയ കെട്ടിടസമുച്ചയം

38 (730) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടി ഗാന്ധിഗ്രാം തൃക്ക് രോഗാശുപത്രിയിലെ ജീർണ്ണിച്ചതും പഴകിയതും ചിതറിക്കിടക്കുന്നതുമായ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ഒരു പുതിയ കെട്ടിടസമുച്ചയത്തിൻകീഴിലാക്കിമാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത ആശുപത്രിവക 100 ഏക്കറിലധികംവരുന്ന സ്ഥലത്ത് ആരോഗ്യമേഖലയിലെ ഒരു പ്രധാനപ്പെട്ടകേന്ദ്രം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?